## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3229

03.04. 2013 -ൽ മറുപടിക്ക്

## ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തിക്കിട്ടുന്നതിന് ഹാജരാക്കേണ്ട രേഖകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി |
| (എ) ജനന സർട്ടിഫിക്കറ്റിലെ പേര്, പിതാവിന്റെ പേര്, മാതാവിന്റെ പേര്, മേൽവിലാസം എന്നിവയിൽ വന്നിട്ടുള്ള പിശകുകൾ തിരുത്തിക്കിട്ടുന്നതിന് എന്തെല്ലാം രേഖകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ടതെന്ന് വിശദമാക്കുമോ ; | (എ) | സർക്കാരിന്റെ 01-02-2012-ലെ 35845/ആർഡി3/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനു ശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ) സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്ന ശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേര് ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും, തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേര് ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതുപ്രകാരം തന്നെ പേര് ചേർക്കേണ്ടതുമാണ്.<br><br>മാതാപിതാക്കളുടെ പേര്, മേൽവിലാസം എന്നിവയിൽ വന്നിട്ടുള്ള പിശകുകൾ തിരുത്തി നൽകാവുന്നതാണ്. മാതാപിതാക്കളുടെ വിളിപ്പേരാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതെങ്കിൽ (മാതാപിതാക്കളുടെ) സ്കൂൾ രേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലേതു പോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് |